"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - 15-ാം ധനകാര്യ കമ്മിഷൻ - ഹെൽത്ത് ഗ്രാന്റ് - കെട്ടിടങ്ങളില്ലാത്ത സബ്സെന്റർ, പി.എച്ച്.സി, സി.എച്ച്.സി എന്നിവയുടെ നിർമ്മാണം - ഫണ്ട് എൻ.എച്ച്.എം ന് കൈമാറി നിർമ്മാണം പൂർത്തീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1643/2024/LSGD തീയതി,തിരുവനന്തപുരം, 07-09-2024

---

പരാമർശം:-

1) 09.08.2023 ലെ സ.ഉ(സാധാ) നം.1625/2023/തസ്വഭവ നമ്പർ ഉത്തരവ്.
2) പ്രിൻസിപ്പൽ ഡയറക്ടറുടെ 14.07.2024 ലെ LSGD/PD/18639/2023-DPLA1 നമ്പർ കത്ത്.
3) 25.07.2024 തീയതി പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അവലോകനയോഗം.

**<u>ഉത്തരവ്</u>**

2022-23 സാമ്പത്തിക വർഷത്തേക്കുള്ള 15-ാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റിലെ സ്കീം 1 (കെട്ടിടങ്ങളില്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായം) ൽ ഉൾപ്പെടുത്തി 513 ഹെൽത്ത് സബ് സെന്ററുകൾക്കും, 13 പി.എച്ച്. സികൾക്കും, 5 സി.എച്ച്.സി കൾക്കും ആദ്യ ഗഡു തുക പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. ഇപ്രകാരം അനുവദിച്ച തുകയുടെ 50% ചെലവഴിച്ചാൽ മാത്രമേ ഹെൽത്ത് ഗ്രാന്റിന്റെ തുടർന്നുള്ള ഗഡുക്കൾ ലഭ്യമാകുകയുള്ളൂ എന്നും പി.എച്ച്.സി/സി.എച്ച്.സി ഫണ്ട് നൽകിയിട്ടുള്ള തദ്ദേശ സ്ഥാപനങ്ങൾ ഒന്നുംതന്നെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലായെന്നും ഈ സാഹചര്യത്തിൽ 13 പി.എച്ച്. സി. കൾക്കും, 5 സി.എച്ച്.സി കൾക്കും ആദ്യ ഗഡു ആയി അനുവദിച്ച തുക നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം) ന് കൈമാറി നിർമ്മാണ പ്രവൃത്തികൾ എൻ.എച്ച്.എം മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 15-ാം ധനകാര്യ കമ്മീഷൻ ഹെൽത്ത്

ഗ്രാന്റിലെ സ്കീം 1 (കെട്ടിടങ്ങളില്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായം) ൽ ഉൾപ്പെടുത്തി പരാമർശം (1) ലെ ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയിൽ ചുവടെ ചേർത്തിരിക്കുന്ന പി.എച്ച്.സി, സി.എച്ച്.സി കളുടെ നിർമ്മാണത്തിന് അനുവദിച്ച തുക എൻ.എച്ച്.എം ന് കൈമാറുന്നതിനും സെന്ററുകളുടെ നിർമ്മാണം എൻ.എച്ച്.എം അടിയന്തരമായി പൂർത്തിയാക്കേണ്ടതാണെന്നും നിർദ്ദേശം നൽകി ഉത്തരവാകുന്നു.

| **സി.എച്ച്.സി.കളുടെ നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകൾ** | | | | |
|---|---|---|---|---|
| **ക്രമ നമ്പർ** | **ജില്ല** | **ബ്ലോക്ക് പഞ്ചായത്തിന്റെ പേര്** | **സി.എച്ച്.സി. യുടെ പേര്** | **അനുവദിച്ച തുക** |
| 1 | ആലപ്പുഴ | വെളിയനാട് | വെളിയനാട് | 11500000 |
| 2 | ഇടുക്കി | ദേവികുളം | മറയൂർ | 11500000 |
| 3 | ഇടുക്കി | അടിമാലി | ചിത്തിരപുരം | 11500000 |
| 4 | മലപ്പുറം | അരീക്കോട് | ഇടവണ്ണ | 11500000 |
| 5 | കോഴിക്കോട് | ബാലുശ്ശേരി | ഉള്ളിയേരി | 11500000 |
| **ആകെ** | | | | **57500000** |

| **എഫ്.എച്ച്.സി./ പി.എച്ച്.സി. കളുടെ നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ** | | | | |
|---|---|---|---|---|
| **ക്രമ നമ്പർ** | **ജില്ല** | **ഗ്രാമപഞ്ചായത്തിന്റെ പേര്** | **പി.എച്ച്.സി/ എഫ്.എച്ച്.സി.യുടെ പേര്** | **അനുവദിച്ച തുക** |
| **1** | **2** | **3** | **4** | **5** |
| 1 | ആലപ്പുഴ | കൈനകരി | പി.എച്ച്.സി. കുപ്പപ്പുറം | 3575000 |
| 2 | ഇടുക്കി | മൂന്നാർ | പി.എച്ച്.സി. ചട്ടമൂന്നാർ | 3575000 |
| 3 | ഇടുക്കി | ഉടുമ്പന്നൂർ | എഫ്. എച്ച്. സി. തട്ടക്കുഴ | 3575000 |
| 4 | എറണാകുളം | ചെല്ലാനം | പി.എച്ച്.സി. കണ്ടാകടവ് | 3575000 |
| 5 | പാലക്കാട് | കുലുക്കല്ലൂർ | പി.എച്ച്.സി. കുലുക്കല്ലൂർ | 3575000 |
| 6 | പാലക്കാട് | നെല്ലിയാംപതി | പി.എച്ച്.സി. നെല്ലിയാംപതി | 3575000 |
| 7 | പാലക്കാട് | എലവഞ്ചേരി | പി.എച്ച്.സി. എലവഞ്ചേരി | 3575000 |
| 8 | മലപ്പുറം | എ. ആർ. നഗർ | എഫ്.എച്ച്.സി. എ.ആർ. നഗർ | 3575000 |
| 9 | മലപ്പുറം | കീഴുപറമ്പ് | എഫ്.എച്ച്.സി. കീഴുപറമ്പ് | 3575000 |
| 10 | മലപ്പുറം | വെട്ടത്തൂർ | എഫ്.എച്ച്.സി. വെട്ടത്തൂർ | 3575000 |
| 11 | മലപ്പുറം | മക്കരപറമ്പ് | എഫ്.എച്ച്.സി. മക്കരപറമ്പ | 3575000 |
| 12 | വയനാട് | കോട്ടത്തറ | എഫ്.എച്ച്.സി. | 3575000 |

| | | | | |
|---|---|---|---|---|
| | | | കോട്ടത്തറ | |
| 13 | വയനാട് | നെന്മേനി | പി.എച്ച്.സി. ചുള്ളിയോട് | 3575000 |
| **ആകെ** | | | | **46475000** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K.A
സെക്ഷൻ ഓഫീസർ
Date: 07-09-2024 11:38:54

പകർപ്പ്:- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസിന്